**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4607** **10-08-2021 - ൽ മറുപടിയ്ക്ക്**

**ദീർഘദൂര സ്വകാര്യ ബസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ലോക്ഡൗണിന് ശേഷം ബാംഗ്ലൂരിൽ നിന്നും കേരളത്തിലേക്ക് സർവ്വീസ് പുനരാരംഭിച്ച ദീർഘദൂര സ്വകാര്യ ബസ്സുകളെ തമിഴ്നാടിന്റെ റോഡ് ടാക്സിന്റെ പേരിൽ അതിർത്തിയിൽ തടഞ്ഞുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2021 -ലെ All India Tourist (Permit and Authorisation) Rule പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്ത ആൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങൾക്ക് അവ കടന്നു പോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുണ്ട്. പ്രസ്തുത വാഹനങ്ങളെ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥർ തടയുന്നുവെന്ന പരാതി വകുപ്പിന് ലഭിച്ചിട്ടില്ല. 2021-ൽ നിലവിൽ വന്ന ആൾ ഇന്ത്യ പെർമിറ്റ് ആന്റ് ഓതറൈസേഷൻ ചട്ടം വഴി കേന്ദ്ര consolidated fund –ലേക്ക് പെർമിറ്റ് ഫീയും ഓതറൈസേഷൻ ഫീയും അടച്ചുവരുന്ന വാഹനങ്ങൾക്കാണ് മറ്റ് സംസ്ഥാനങ്ങളിൽ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ളത്. പ്രസ്തുത ചട്ടം വരുന്നതിന് മുമ്പെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(9)-ാം വകുപ്പ് പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്തിട്ടുള്ള വാഹനങ്ങൾക്ക് പ്രസ്തുത വാഹനം കടന്നു പോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളെയാണ് തമിഴ്നാട് സർക്കാർ തടഞ്ഞതെന്ന് വ്യക്തതയില്ലാത്തതിനാലും ഇതു സംബന്ധിച്ച് വകുപ്പിന് പരാതികളൊന്നും തന്നെ കിട്ടാത്തതിനാലും ടി വിഷയത്തിൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടിട്ടില്ല. |
| (ബി) | ആൾ ഇൻഡ്യാ പെർമിറ്റ് എടുത്ത വാഹനങ്ങൾക്ക് ഇൻഡ്യയിൽ ഏതു സംസ്ഥാനത്തും ഓടാമെന്നിരിക്കെ തമിഴ്നാട്ടിൽ ബസ്സുകൾ തടയുന്നതിന്റെ കാരണം എന്തെന്ന് വിശദമാക്കുമോ; ഇത് സംബന്ധിച്ച് തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | 2021 -ലെ All India Tourist (Permit and Authorisation) Rule പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്ത ആൾ ഇന്ത്യാ ടൂറിസ്റ്റ് വാഹനങ്ങൾക്ക് അവ കടന്നു പോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുണ്ട്. പ്രസ്തുത വാഹനങ്ങളെ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥർ തടയുന്നുവെന്ന പരാതി വകുപ്പിന് ലഭിച്ചിട്ടില്ല. 2021- |

| | | | |
|---|---|---|---|
| | | | ൽ നിലവിൽ വന്ന ആൾ ഇന്ത്യ പെർമിറ്റ് ആന്റ് ഓതറൈസേഷൻ ചട്ടം വഴി കേന്ദ്ര consolidated fund –ലേക്ക് പെർമിറ്റ് ഫീയും ഓതറൈസേഷൻ ഫീയും അടച്ചുവരുന്ന വാഹനങ്ങൾക്കാണ് മറ്റ് സംസ്ഥാനങ്ങളിൽ നികുതി അടയ്ക്കാതെ സർവ്വീസ് നടത്തുന്നതിന് അനുമതിയുള്ളത്. പ്രസ്തുത ചട്ടം വരുന്നതിന് മുമ്പെ മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 88(9)-ാം വകുപ്പ് പ്രകാരം പെർമിറ്റും ഓതറൈസേഷനും എടുത്തിട്ടുള്ള വാഹനങ്ങൾക്ക് പ്രസ്തുത വാഹനം കടന്നു പോകുന്ന സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങളെയാണ് തമിഴ്നാട് സർക്കാർ തടഞ്ഞതെന്ന് വ്യക്തയില്ലാത്തതിനാലും ഇതു സംബന്ധിച്ച് വകുപ്പിന് പരാതികളൊന്നും തന്നെ കിട്ടാത്തതിനാലും ടി വിഷയത്തിൽ തമിഴ്നാട് സർക്കാരുമായി ബന്ധപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ